## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.406 04.02.2020-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തുള്ള സാമ്പത്തിക പ്രതിസന്ധിക്കു കാരണമെന്തെല്ലാമാണ്; സംസ്ഥാനത്തിനു ലഭ്യമാകേണ്ട ജി.എസ്.ടി. വരുമാനത്തിൽ ഈ സർക്കാർ കാലയളവിൽ പ്രതീക്ഷിച്ച വളർച്ച (വർഷം തിരിച്ച്) എത്രയായിരുന്നു; ലഭ്യമായത് എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട നോട്ട് നിരോധനം അടക്കമുള്ള വികലമായ നയങ്ങളും ചരക്കു സേവന നികുതി നടപ്പിലാക്കിയപ്പോൾ നികുതി ഭരണത്തിൽ വരുത്തിയ വിഴ്ചകളുമാണ് സംസ്ഥാനത്തുള്ള സാമ്പത്തിക പ്രതിസന്ധിയുടെ മുഖ്യ കാരണം. 2017-18 പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 16,200 കോടി രൂപയും 2018-19 ബജറ്റിൽ 27000 കോടി രൂപയും 2019-20 -ൽ 29010.62 കോടി രൂപയും ചരക്ക് സേവന നികുതിയിൽ നിന്നും പ്രതീക്ഷിച്ചിരുന്നു. എന്നാൽ യഥാക്രമം 12007.69 കോടി രൂപ, 21014.71 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ 2017-18, 2018-19 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം പൂർത്തിയാകാത്തതിനാൽ നടപ്പ് വർഷത്തെ (2019-2020) കണക്കുകൾ ലഭ്യമല്ല. |
| (ബി) | ജി.എസ്.ടി. തുടങ്ങിയതുമുതൽ ഓരോവർഷവും നടന്നുവരുന്ന നികുതിവെട്ടിപ്പ് എത്രയെന്നും ആയതു പിരിച്ചെടുക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ; | ജി.എസ്.ടി. തുടങ്ങിയത് മുതൽ ഓരോ വർഷവും കണ്ടെത്തിയ നികുതി വെട്ടിപ്പ് താഴെ ചേർക്കുന്നു:-<br><br>വർഷം — തുക (ലക്ഷത്തിൽ)<br>2017-18 — 7551.81<br>2018-19 — 13183.3<br>2019-20 (ജനുവരി 2020 വരെ) — 34561.68<br><br>റിട്ടേൺ ഫയൽ ചെയ്യാതെ നികുതി അടവിൽ |

| | | |
|---|---|---|
| | | വീഴ്ച വരുത്തുകയും വെട്ടിപ്പ് നടത്തുകയും ചെയ്യവർക്കെതിരെ ജി.എസ്.ടി. നിയമം സെക്ഷൻ 46 പ്രകാരമുള്ള നോട്ടീസ് നൽകുകയും റിട്ടേൺ സമർപ്പിക്കുവാൻ നിർബന്ധിതരാക്കുകയും ചെയ്യുവരുന്നു. പിന്നെയും റിട്ടേൺ ഫയൽ ചെയ്യാത്ത പക്ഷം ജി.എസ്.ടി. നിയമം 62-ആം വകുപ്പ് പ്രകാരമുള്ള നികുതി നിർണ്ണയം നടത്തി വരുന്നു. നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി മൊബൈൽ സ്ക്വാഡുകൾ നിരന്തരം വാഹന പരിശോധന നടത്താറുണ്ട്. സ്ഥാപനങ്ങളിൽ നിന്നും, ചരക്ക് വാഹനങ്ങളിൽ നിന്നും ബില്ലുകളും, ഇ വേ ബില്ലുകളും ശേഖരിച്ച് വിശദമായി പരിശോധന നടത്തുകയും, ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കാറുണ്ട് കൂടാതെ അനുമതി വാങ്ങി വ്യാപാര സ്ഥാപന പരിശോധനയും പരീക്ഷണ വാങ്ങലുകളും നടത്താറുണ്ട്. നിയമവിധേയമല്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സ്വീകരിച്ചതായി സംശയമുള്ള വ്യാപാര സ്ഥാപനങ്ങളുടെ റിട്ടേണുകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടെത്തിയാൽ ആയത് തിരികെ അടപ്പിക്കുന്നതിനും പിഴ ഈടാക്കുന്നതിനും നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിലെ സാമ്പത്തികപ്രതിസന്ധി തരണം ചെയ്യുവാനായി എത്ര തുകയുടെ കേന്ദ്രസർക്കാർ വായ്പ ഈ സർക്കാർ ആവശ്യപ്പെട്ടു എന്നറിയിക്കാമോ; എത്ര ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കാമോ; | നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ വായ്പകളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽനിന്നും കരകയറാനായി എത്ര കേന്ദ്രസഹായം ആവശ്യപ്പെട്ടുവെന്നും എത്ര ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ; | 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2101.88 കോടി രൂപയുടെ അടിയന്തിര സഹായം അഭ്യർത്ഥിച്ചുവെങ്കിലും തുകയൊന്നും ലഭിച്ചിരുന്നില്ല. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ദുരന്ത നിവാരണ നിധിയിലേയ്ക്കുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ |

| | | |
|---|---|---|
| | | ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. |
| (ഇ) | 2018-19 കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിനു ലഭ്യമാകേണ്ട കേന്ദ്രനികുതിവിഹിതം എത്രയെന്നും, നഷ്ടപരിഹാരത്തുക എത്രയെന്നും ഇവയിൽ സംസ്ഥാനത്തിനു ലഭ്യമായവ എത്രയെന്നും അറിയിക്കാമോ; ഇവയിലുണ്ടായ കുടിശ്ശിക സംസ്ഥാന സാമ്പത്തിക പ്രതിസന്ധിക്ക് എത്തരത്തിൽ കാരണമായി എന്ന് വ്യക്തമാക്കാമോ? | 2018-19 കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിനു ലഭ്യമാകേണ്ടിയിരുന്ന കേന്ദ്രനികുതിവിഹിതം 19703.01 കോടി രൂപയായിരുന്നു. 2018-19 —ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതമായി 19038.17 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായി. ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 2884 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായി. |

സെക്ഷൻ ഓഫീസർ